(ഡി) നിവേദനങ്ങളിൽ നിർദ്ദേശിച്ചിരുന്ന സർവ്വീസുകൾ ലാഭകരമല്ലാത്തതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

കോഴിക്കോട്-അത്തോളി-പേരാമ്പ്ര-തൊട്ടിൽപ്പാലം റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ

109 [1248] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-അത്തോളി-പേരാമ്പ്ര-തൊട്ടിൽപ്പാലം റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കുടിയേറ്റ കേന്ദ്രമായ തൊട്ടിൽപ്പാലത്തുനിന്നും അത്തോളി-കോഴിക്കോട് വഴി കോട്ടയം ഇടുക്കി ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളിലേയ്ക്ക് ബസ് റൂട്ട് അനുവദിക്കുന്നത് പ്രയോജനകരമാകുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 18 സർവ്വീസുകൾ.

(ബി) തൊട്ടിൽപ്പാലത്ത് നിന്നും മുന്ന് ചെയിൻ സർവ്വീസുകൾ കോട്ടയത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്.

കണ്ണൂർ ഡിപ്പോയിൽ നിന്നുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ

110 [1249] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഡിപ്പോയിൽനിന്നും എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് സർവ്വീസ് നടത്തുന്നതെന്ന് വിശദീകരിക്കാമോ;

(സി) അന്യ സംസ്ഥാനങ്ങളിലേക്ക് ബസ് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഡി) കണ്ണൂരിൽനിന്നും മൈസൂരിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസുകൾ നടത്തുന്നുണ്ട്; അവ ഏതെല്ലാം റൂട്ടുകളിലാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) കണ്ണൂരിൽനിന്നും തലശ്ശേരി പാനൂർവഴി മൈസൂരിലേക്ക് പോകുന്ന ബസ് പഴക്കം ചെന്നതായതുകൊണ്ട് പകരം പുതിയ ബസ് ഓടിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 21 സർവ്വീസുകൾ.

(ബി) തമിഴ്നാട്, കർണ്ണാടക.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം, പാറശ്ശാല, നെയ്യാറ്റിൻകര, കൊല്ലം, അടൂർ, കൊട്ടാരക്കര, പുനലൂർ, പത്തനംതിട്ട, തിരുവല്ല, കോട്ടയം, ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട, മൂന്നാർ, കായംകുളം, ആലപ്പുഴ, എറണാകുളം, ആലുവ, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, ചിറ്റൂർ, പൊന്നാനി.

(ഡി) രണ്ട് സർവ്വീസുകൾ.

1. കണ്ണൂർ-പാനൂർ-വിരാജ്പേട്ട, മൈസൂർ.
2. കണ്ണൂർ-നാദാപുരം-തൊട്ടിൽപ്പാലം-ബാവേലി-മാനന്തവാടി-മൈസൂർ

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

സർക്കുലർ റൂട്ടുകൾക്ക് പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നിരത്തിൽ ഇറക്കാൻ നടപടി

111 [1250] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഡിപ്പോയിൽനിന്നും കോഴിക്കോട്ടേക്ക് സർവ്വീസ് നടത്തുന്ന ടൗൺ-ടു-ടൗൺ ബസ്സുകൾ എത്ര പഴക്കമുള്ളവയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വീസ് ബസ്സുകൾക്ക് തകരാറ് പറ്റി വഴിയിൽക്കിടന്ന് സർവ്വീസ് മുടങ്ങുന്നത് നിത്യ സംഭവമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ സർക്കാരിന് എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ;

(ഡി) പുതിയ ബസ്സുകൾ സർവ്വീസിനുപയോഗിക്കുമ്പോൾ കളക്ഷൻ വർദ്ധിക്കുന്നുണ്ടോ;

(ഇ) എങ്കിൽ സർക്കുലർ റൂട്ടുകൾക്ക് പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ കർശന നടപടി സ്വീകരിക്കുമോ;

(എഫ്) എങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വണ്ടികളുടെ ശരാശരി പഴക്കം 6 വർഷം ആണ്.

(ബി) ബസ്സുകൾക്ക് അവിചാരിതമായിട്ടുണ്ടാകുന്ന തകരാറുമൂലം ചിലപ്പോൾ വഴിയിൽ കിടക്കേണ്ടിവരുന്ന സംഭവം ഉണ്ടാകാറുണ്ട്. നിത്യ സംഭവമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബസ്സുകൾ സർവ്വീസിനിടയ്ക്ക് തകരാറു സംഭവിക്കാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ എടുത്തുവരുന്നുണ്ട്. എന്നാൽ അപ്രതീക്ഷിതമായി സംഭവിക്കുന്ന തകരാറുകൾകൊണ്ട് വഴിയിൽ കിടക്കേണ്ടി വരുന്നതായാൽ അതു പരിഹരിക്കാനുള്ള പദ്ധതിയും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly